പറഞ്ഞിട്ടുണ്ട്. സർക്കാരിൽനിന്നും എത്ര തുക ഗ്രാന്റ്/ ധനസഹായമായി അനുവദിക്കുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 7-11-2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ പരാമർശിച്ച പ്രകാരമുള്ള 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ, 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബിൽ എന്നീ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തിന് സമാനമായ രീതിയിൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ഈ ബില്ലിൽ ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും സഭയിലെ മുൻ അനുഭവങ്ങളും ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഈ നിയമം നിലവിൽ വരുന്നതോടുകൂടി അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കള്ള് വ്യവസായ വികസന ബോർഡിലേക്ക് ധനസഹായങ്ങളും ഗ്രാന്റുകളും നൽകേണ്ടി വരുന്നതാണ്. എന്നാൽ അപ്രകാരം നൽകേണ്ടി വരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ലായെന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിക്കപ്പെട്ടതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

നമ്മുടെ സഭയിലെ കീഴ്വഴക്കം പരിശോധിച്ചതിൽ ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ധനകാര്യ മെമ്മോറാണ്ടം ഇതേ രൂപത്തിൽ തന്നെയാണ് മുൻകാലങ്ങളിൽ ചേർത്തുവന്നിരുന്നത്. അക്കാരണത്താൽത്തന്നെ അതൊരു അപാകമാണെന്ന് കാണാനാകില്ല. എന്നിരുന്നാലും മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള പുതിയ നിയമനിർമ്മാണത്തിന് ഭാവിയിൽ തയ്യാറെടുക്കുന്ന വേളയിൽ, അതുമൂലം ഖജനാവിനുണ്ടാകാവുന്ന അധിക ബാദ്ധ്യത സംബന്ധിച്ച ഒരു മതിപ്പ് ചെലവ് കൂടി കണ്ടെത്തി അത് ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമാക്കുന്നതായിരിക്കും ഉചിതമെന്നാണ് കാണുന്നത്. അപ്രകാരമൊരു നിരീക്ഷണത്തോടെ ശ്രീ. രമേശ് ചെന്നിത്തലയുടെ ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കള്ള് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ഗുണകരമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്ന കാര്യം ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുതന്നെ തീരുമാനിച്ചിരുന്നതാണ്. 2017-18-ലെ അബ്കാരി നയത്തിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് ടോഡി ബോർഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിനായി ഓർഡിനൻസും പുറപ്പെടുവിച്ചിരുന്നു. അത് പ്രാവർത്തികമാക്കുന്നതിനാണ് രണ്ടാം പിണറായി വിജയൻ സർക്കാർ ഈ ബിൽ അവതരിപ്പിക്കുന്നത്. കള്ളിന്റെ ഉൽപ്പാദനവും വിപണനവും നമ്മുടെ നാട്ടിലെ പരമ്പരാഗത വ്യവസായ മേഖലയുടെ ഭാഗമാണ്. ഇത് കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ പ്രധാന ഘടകമെന്നതുപോലെ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെയും ഭാഗമാണ്. ഇത് പരമ്പരാഗതമായ കുലത്തൊഴിൽ പോലെയാണ് സ്വീകരിച്ചുപോന്നിരുന്നത്. കേരളത്തിന്റെ വടക്കൻ മേഖലയിൽ, പ്രധാനമായും മലബാർ മേഖലയിൽ മുത്തപ്പൻ ക്ഷേത്രമുൾപ്പെടെയുള്ള പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ക്ഷേത്രം എന്റെ നിയോജകമണ്ഡലത്തിലെ